# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 16.02.2025**

## പ്രധാനവാർത്തകൾ

1. വികസിത ഭാരതത്തിന്റെ സാധ്യതകളെ പ്രതിഫലിപ്പിക്കുന്നതാണ് ഭാരത് ടെക്സ് 2025 എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. വയനാട്ടിലെ പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ചു ചേർക്കുന്ന യോഗം നാളെ തിരുവനന്തപുരത്ത്.

3. സ്കൂളുകളിൽ റാഗിംഗ് വിരുദ്ധ സെല്ലുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലെന്ന് മന്ത്രി വി ശിവൻകുട്ടി. ഖാദർ കമ്മീഷൻ റിപ്പോർട്ട് ആറുമാസത്തിനകം നടപ്പാക്കുമെന്നും പൊതുവിദ്യാഭ്യാസ മന്ത്രി.

4. കേരളം നിക്ഷേപകരുടെ ലക്ഷ്യസ്ഥാനമെന്ന് മന്ത്രി പി രാജീവ്. സ്റ്റാർട്ടപ്പ് മേഖലയിൽ സർക്കാർ കൂടുതൽ നിക്ഷേപം നടത്തുകയാണെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ.

5. സംസ്ഥാനത്തെ എല്ലാ ആശാ വർക്കർമാർക്കും അങ്കണവാടി ജീവനക്കാർക്കും പ്രത്യേക കാൻസർ സ്ക്രീനിംഗ് നടത്തുമെന്ന് മന്ത്രി വീണാ ജോർജ്.

6. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ജയ്ന്റ്സ്- യു പി വാരിയേഴ്സ് പോരാട്ടം; ഐഎസ്എല്ലിൽ മുഹമ്മദെൻ എസ് സി - ഈസ്റ്റ് ബംഗാളിനെ നേരിടും. രഞ്ജി ട്രോഫി ക്രിക്കറ്റ് സെമി മത്സരങ്ങൾക്ക് നാളെ തുടക്കം.

**************************************

## പ്രധാനമന്ത്രി- ഭാരത് ടെക്സ്

വികസിത ഭാരതത്തിന്റെ സാധ്യതകൾ പ്രതിഫലിപ്പിക്കുന്നതാണ് ഭാരത് ടെക്സ് 2025 പരിപാടിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ഭാരത് ടെക്സ് 2025 നെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. കഴിഞ്ഞ വർഷം രാജ്യത്തെ ടെക്സ്റ്റൈൽ കയറ്റുമതി ഏഴ് ശതമാനം വളർച്ച രേഖപ്പെടുത്തിയെന്നും അദ്ദേഹം പറഞ്ഞു. അസംസ്കൃത വസ്തുക്കൾ മുതൽ ഉൽപ്പന്നങ്ങൾ വരെയുള്ള മുഴുവൻ തുണിത്തരങ്ങളുടെയും മൂല്യ ശൃംഖലയെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന പരിപാടിയാണ് ഭാരത് ടെക്സ് 2025. വെള്ളിയാഴ്ച ആരംഭിച്ച പരിപാടി നാളെ സമാപിക്കും.

*************************************

## ആദി മഹോത്സവ്

ആദി മഹോത്സവ് 2025 രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്തു. ഗോത്രവർഗ്ഗക്കാരുടെ പാരമ്പര്യവും, ജീവിതരീതിയും രാജ്യത്തിൻറെ സംസ്കാരത്തെ സമ്പന്നമാക്കുന്നുവെന്ന് രാഷ്ട്രപതി പറഞ്ഞു. ഗോത്ര വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, ഗോത്ര സമൂഹങ്ങളുടെ കരകൗശലം, സംസ്കാരം, ഭക്ഷണം തുടങ്ങിയവ പ്രചരിപ്പിക്കുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യം.

*************************************

PNU TVPM

## വയനാട് - മുഖ്യമന്ത്രി - യോഗം

വയനാട്ടിലെ പുനരധിവാസത്തെക്കുറിച്ച് ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ യോഗം വിളിച്ചു. നാളെ വൈകുന്നേരം 5 മണിയ്ക്ക് തിരുവനന്തപുരത്താണ് യോഗം. ഉരുൾ പൊട്ടൽ ദുരന്തം നടന്ന മുണ്ടക്കൈ, ചൂരൽമല മേഖലകളുടെ പുനർനിർമ്മാണത്തിനുള്ള കേന്ദ്ര വായ്പാ വിനിയോഗം അടക്കമുള്ള വിഷയം യോഗത്തിൽ ചർച്ചയാകും.

**************************************

## മുഖ്യമന്ത്രി- വിദ്യാലയം - ഇൻട്രോ

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ കാതലായ മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പൊതു വിദ്യാഭ്യാസ മേഖലയുടെ വികസനത്തിനായി പൊതു സമൂഹവും വലിയ രീതിയിൽ സഹായിച്ചുവെന്നും മുഖ്യമന്ത്രി പറഞ്ഞു. കണ്ണൂർ പെരളശ്ശേരി എ.കെ.ജി. സ്മാരക ഗവ. ഹയർ സെക്കൻ്ററി സ്കൂളിൽ നിർമ്മിച്ച ബഹുനില കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

RNU TVPM

(ഹോൾഡ് വോയിസ്)

**************************************

## ഖാദർ കമ്മീഷൻ - വി ശിവൻകുട്ടി

പൊതുവിദ്യാഭ്യാസരംഗത്തെ സമഗ്ര പരിഷ്കാരത്തിന്റെ ഭാഗമായി ഖാദർ കമ്മീഷൻ റിപ്പോർട്ട് ആറുമാസത്തിനകം നടപ്പാക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. അക്കാദമിക് ഡയറക്ടറേറ്റുകൾ ഏകീകരിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ ഉണ്ടാവും. ഒന്നാം ക്ലാസ് പ്രവേശനത്തിന്

പ്രവേശന പരീക്ഷയും ഇൻറർവ്യൂവും അനുവദിക്കില്ലെന്നും മന്ത്രി അറിയിച്ചു.

************************************

## റാഗിംഗ് വിരുദ്ധ സെൽ - ഇൻട്രോ

സ്കൂളുകളിൽ റാഗിംഗ് വിരുദ്ധ സെല്ലുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലെന്നും മന്ത്രി വി ശിവൻകുട്ടി. സംസ്ഥാനത്തെ ചില വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് പോലുള്ള സംഭവങ്ങൾ നടക്കുന്നുണ്ട്. ഇത് തടയാൻ കർശനമായ നടപടികൾക്കൊപ്പം ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തേണ്ടതുണ്ടെന്നുംമന്ത്രി പറഞ്ഞു. (ഹോൾഡ് വോയിസ്- മന്ത്രി)

************************************

## പി രാജീവ്- നിക്ഷേപം

കേരളം ഇന്ന് നിക്ഷേപകരുടെ ലക്ഷ്യസ്ഥാനമാണെന്ന് മന്ത്രി പി രാജീവ്. നിരവധി കമ്പനികൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിക്കുകയോ, തങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുകയോ ചെയ്തു. ഇവിടെയെത്തിയ കമ്പനികൾ, സംസ്ഥാനത്തെ കുറിച്ച് നല്ല അഭിപ്രായം കൂടുതൽ കമ്പനികളുമായി പങ്കുവെക്കുകയും അവരെക്കൂടി കേരളത്തിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്യുവെന്നും മന്ത്രി സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു.

************************************

## കെ എൻ ബാലഗോപാൽ

വ്യവസായവും സ്റ്റാർട്ടപ്പുമടക്കമുള്ള മേഖലകളിൽ സർക്കാർ കൂടുതൽ നിക്ഷേപം നടത്തുകയാണെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. ഇന്ത്യയിലെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പ്

RIJU TVPM

എക്കോ സിസ്റ്റം ഇന്ന് കേരളത്തിലാണ്. കുറഞ്ഞ പലിശയ്ക്ക് വായ്പകൾ നൽകിയും സബ്സിഡികൾ അനുവദിച്ചും സാധ്യമായ എല്ലാ പിന്തുണയും നൽകി സർക്കാർ സംരംഭകർക്കൊപ്പമുണ്ടെന്നും ധനമന്ത്രി വ്യക്തമാക്കി.

*************************************

## ശശി തരൂർ- ലേഖനം

സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് മേഖലയുടെ വളർച്ചയെ കുറിച്ചുള്ള തന്റെ ലേഖനം കേരളത്തിന്റെ സമ്പൂർണ്ണ സാമ്പത്തിക അവസ്ഥയെ വിലയിരുത്താനുള്ള ശ്രമമല്ലെന്ന് ശശി തരൂർ എം പി. സംസ്ഥാനം ഇപ്പോഴും വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. തൊഴിൽക്ഷാമം, വിദ്യാഭ്യാസമുള്ള യുവാക്കളുടെ വിദേശത്തേയ്ക്കുള്ള പ്രവാസം, കൃഷി മേഖലയിലെ പ്രതിസന്ധി, കടബാധ്യത തുടങ്ങിയ പ്രതിസന്ധികൾ സംസ്ഥാനം നേരിടുന്നുണ്ടെന്നും ശശി തരൂർ ചൂണ്ടിക്കാട്ടി.

RNU TVPM

*************************************

## കാൻസർ സ്ക്രീനിങ്

'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ആശാ വർക്കർമാർക്കും അങ്കണവാടി ജീവനക്കാർക്കും പ്രത്യേക കാൻസർ സ്ക്രീനിംഗ് നടത്തുമെന്ന് മന്ത്രി വീണാ ജോർജ്. നാളെയും മറ്റന്നാളും ആകും ഇവർക്ക് പ്രത്യേകമായി സ്ക്രീനിംഗ് നടത്തുക. എല്ലാ മെഡിക്കൽ ഓഫീസർമാരും അവരുടെ അധികാര പരിധിയിലുള്ള ആശ പ്രവർത്തകർ, അങ്കണവാടി ജീവനക്കാർ എന്നിവർക്കായി പ്രത്യേക കാൻസർ സ്ക്രീനിംഗ് ക്ലിനിക്കുകൾ നടത്താൻ നിർദേശം നൽകിയിട്ടുണ്ട്.

***********************************

## ആശാവർക്കർമാർ - സമരം

ആശാ വർക്കർമാർ നടത്തി വരുന്ന സമരം തുടരുമെന്ന് സംഘടനാ നേതാക്കൾ വ്യക്തമാക്കി. എന്നാൽ, ആശാ വർക്കർമാരുടെ ആവശ്യങ്ങളോട് സർക്കാരിന് അനുഭാവപൂർവ്വമായ നിലപാടാണുള്ളതെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്ജ് പറഞ്ഞു. ആശമാർക്ക് രാജ്യത്ത് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന സംസ്ഥാനമാണ് കേരളമെന്നും മന്ത്രി വ്യക്തമാക്കി.

***********************************

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ക്രിക്കറ്റ് സെമി മത്സരങ്ങൾ നാളെ തുടങ്ങും. അഹമ്മദാബിൽ കേരളം, ഗുജറാത്തിനെയും നാഗ്പൂരിൽ മുംബൈ, വിദർഭയെയും നേരിടും. രാവിലെ 9.30 ന് മത്സരം ആരംഭിക്കും.

RNU TVPM

***********************************

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് മുഹമ്മദെൻ എസ് സി, ഈസ്റ്റ് ബംഗാളിനെ നേരിടും. കൊൽക്കത്തയിൽ രാത്രി 7.30 നാണ് മത്സരം.

***********************************

## വനിതാ പ്രീമിയർ ലീഗ്

വനിതാ പ്രീമിയർ ലീഗ് ട്വൻറി-20 ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ജയ്ൻറ്സ്, യു പി വാരിയേഴ്സുമായി ഏറ്റുമുട്ടും.

**************************************

## മാരാമൺ കൺവൻഷൻ - ഇൻട്രോ

ഐക്യം കാലഘട്ടത്തിൻറെ അനിവാര്യതയാണെന്ന് മാർത്തോമാ സഭ പരമാധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ മെത്രാപ്പൊലീത്ത. 130-ാമത് മാരാമൺ കൺവൻഷൻ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ...**

(വോയ്സ്)

RNU TVPM

**************************************

## മുഖ്യമന്ത്രി- കണ്ണൂർ

മുതിർന്ന പൗരൻമാർ നേരിടുന്ന പ്രശ്നങ്ങൾ സംസ്ഥാന സർക്കാർ ഗൗരവത്തോടെയാണ് കാണുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കണ്ണൂരിൽ നടക്കുന്ന കേരള പോലീസ് പെൻഷനേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തിന്റെ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി സംബന്ധിച്ചു.

**************************************

## വനിതാ മാധ്യമ കോൺക്ലേവ്

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ ദേശീയ വനിതാ മാധ്യമ കോൺക്ലേവ് മറ്റന്നാൾ ആരംഭിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും.

************************************

## ഒപ്പം - പി രാജീവ്

ആധുനിക ചികിത്സാ സൗകര്യങ്ങൾ ഒരു കുടക്കീഴിലാക്കി കളമശ്ശേരി മണ്ഡലത്തിൽ സംഘടിപ്പിക്കുന്ന ഒപ്പം മെഗാ മെഡിക്കൽ ക്യാമ്പിൻറെ നാലാം പതിപ്പ് ഇന്ന് നടന്നു. കഴിഞ്ഞ മൂന്ന് തവണ നടന്ന ക്യാമ്പുകളിലായി 23000 പേർക്ക് ചികിത്സ ഉറപ്പാക്കാൻ സാധിച്ചതായി മന്ത്രി പി. രാജീവ് പറഞ്ഞു.

RNU TVPM

************************************

## തൃശൂർ മാരത്തൺ

ആരോഗ്യകരമായ ജീവിതശൈലി പ്രചരിപ്പിക്കാൻ സംഘടിപ്പിച്ച തൃശൂർ കൾച്ചറൽ ക്യാപിറ്റൽ മാരത്തോൺ ഇന്ന് നടന്നു. ഫുൾ മാരത്തോൺ, ഹാഫ് മാരത്തോൺ, മിനി മാരത്തോൺ, ഫൺ റൺ എന്നീയിനങ്ങളിലായി 2500 ഓളം പേർ പരിപാടിയിൽ പങ്കെടുത്തു. മന്ത്രിമാരായ ആർ ബിന്ദു, കെ രാജൻ തുടങ്ങിയവർ സമാപനസമ്മേളനത്തിൽ പങ്കെടുത്തു.

************************************

## ഫോക് ലോർ സെന്റർ ഉദ്ഘാടനം

കോട്ടയം ജില്ലയിലെ വെള്ളാവൂർ മണിമല തിരുവിതാംകൂർ

ഫോക് ലോർ സെൻററിലെ, രംഗവേദിയുടെയും ആർട്ട് ഗ്യാലറിയുടെയും ഉദ്ഘാടനം മന്ത്രി സജി ചെറിയാൻ നിർവഹിച്ചു. ചീഫ് വിപ്പ് എൻ ജയരാജ് അധ്യക്ഷത വഹിച്ചു. കേരള ഫോക് ലോർ അക്കാദമിയുടെ സബ് സെൻററാണ് തിരുവിതാംകൂർ ഫോക് ലോർ സെൻറർ.

******************************************************

************************************

**********************

RNU TVPM